**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1236 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ഗ്രീൻ പ്രോട്ടോക്കോൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എം.സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ പ്രോട്ടോക്കോൾ എന്നതുകൊണ്ട് എന്താണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സുരക്ഷിത അജൈവ മാലിന്യ പരിപാലനം സാധ്യമാകുന്നത് വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുന:ചംക്രമണം നടത്തുക (Reduce, Re-use, Recycle) എന്ന തത്വം പാലിക്കുമ്പോഴാണ്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ സ്ഥാപനങ്ങൾ, മേളകൾ, പൊതു സ്വകാര്യ ചടങ്ങുകൾ എന്നിവയുടെ ഭാഗമായി മാലിന്യങ്ങൾ അനിയന്ത്രിതമായി കുമിഞ്ഞു കൂടുന്നത് ഒഴിവാക്കുന്നതും മാലിന്യ സംസ്കരണത്തിനായി പണവും വിഭവങ്ങളും ചിലവാക്കുന്നതൊഴിവാക്കുകയെന്നതും അതുപോലെ പൗരൻമാരിൽ ശാസ്ത്രീയ മാലിന്യപരിപാലന മനോഭാവവും ശീലങ്ങളും രൂപപ്പെടുത്തുകയും ചെയ്യുക. കൂടാതെ അജൈവമാലിന്യങ്ങളിൽ പുന:ചംക്രമണ സാധ്യമല്ലാത്തവ കർശനമായി നിരോധിച്ച് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തി പുനരുപയോഗയോഗ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ പ്രോട്ടോകോൾ എന്നത് കൊണ്ട് വിഭാവനം ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് നടത്തപ്പെട്ട ദേശീയ ഗെയിംസ് 2015, ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ യുവജനോത്സവം, നിലവിലെ സംസ്ഥാന മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങ് തുടങ്ങി ചെറുതും വലുതുമായ പരിപാടികൾ ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി കൊണ്ടും കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിച്ചു കൊണ്ടും നടത്തി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ സർക്കാർ സ്കൂളുകൾ, ആരാധനാലയങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ എല്ലാത്തരം പരിപാടികളിലും ഡിസ്പോസിബിൾ മുക്തമാക്കി നടത്തിവരുന്നത് വ്യാപകമാവുന്നുണ്ട്. |
| (സി) | ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം | (സി) | ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ് ഷോപ്പുകൾ വഴി വിഭവങ്ങളുടെ ഉപയോഗക്ഷമത പരമാവധി പ്രയോജനപ്പെടുത്തി പുന:ചംക്രമണ വിധേയമായ |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ? | | വസ്തുക്കളുടെ പുനചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുക, ജൈവമാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലുള്ള നടപടികളും, ആയതിലേക്കുള്ള ശീലം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവ പാഴ് വസ് തുക്കൾ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, മറ്റ് സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ശേഖരിക്കുന്നതിലേക്കും, തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശേഖരിക്കപ്പെട്ട അജൈവമാലിന്യം രണ്ടാം തരംതിരിവ് നടത്തി സൂക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തന്നെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പുനചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനം, പുനചംക്രമണ യോഗ്യമല്ലാത്തവയുടെയും, സംസ്കരണ സാധ്യമല്ലാത്തവയുടെയും ഉൽപാദനവും, വിപണനവും, ഉപയോഗവും നിയന്ത്രിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, അതുപോലെ പൗരൻമാരിൽ അനുകൂല മനോഭാവ രൂപീകരണത്തിനും സുരക്ഷിത മാലിന്യ പരിപാലന ശീലങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ബോധവത്കരണ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഏറ്റെടുക്കുക എന്നീ നടപടികൾ ശുചിത്വമിഷൻ മുഖേനെയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ജനപ്രതിനിധികളുടെ സഹകരണത്തോടെ അവരവരുടെ ഭരണ മണ്ഡലത്തിൽ നടത്തപ്പെടുന്ന എല്ലാ പരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടത്തുന്നതിനാവശ്യമായ പിന്തുണ നൽകി പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ